ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.10.2025**

## പ്രധാനവാർത്തകൾ

1. കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.

2. കുറ്റകൃത്യങ്ങൾ തടയുന്നതിനൊപ്പം ജനങ്ങളോട് സഹാനുഭൂതിയോടു കൂടി പെരുമാറാനും പോലീസ് സേനയ്ക്കാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

3. ശബരിമലയിലെ വിലപിടിപ്പുള്ള വസ്തുക്കളുടെ കണക്കെടുപ്പ് ജസ്റ്റിസ് ശങ്കരൻ കമ്മീഷൻറെ നേതൃത്വത്തിൽ ആരംഭിച്ചു.

4. രാജ്യത്തുടനീളം നാളെ പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം സംഘടിപ്പിക്കും; സംസ്ഥാനത്ത് ഒരുക്കങ്ങൾ സജീവം.

5. കൊച്ചി വാട്ടർ മെട്രോയുടെ നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ടെർമിനലുകൾ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു.

6. വെസ്റ്റ് ഇൻഡീസിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ശക്തമായ നിലയിൽ.

&&&&&&&&&&&&&&&&

PNU TVPM

## പി.എം - ധൻ ധാന്യ യോജന (ഇൻട്രോ)

കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. കാർഷിക, അനുബന്ധ മേഖലകളിലായി 42,000 കോടി രൂപയിലധികം വിലമതിക്കുന്ന വിവിധ പദ്ധതികളാണ് പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചത്. കൃഷിയും കർഷകരും രാജ്യത്തിൻറെ വികസന യാത്രയിൽ മുഖ്യ പങ്കു വഹിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. കർഷകരുടെ ഭാവിയെ മാറ്റിമറിക്കുന്ന പദ്ധതികൾക്കാണ് ഇന്ന് തുടക്കമാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&

## കൊച്ചി മെട്രോ - മുഖ്യമന്ത്രി

കൊച്ചി വാട്ടർ മെട്രോയുടെ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. മട്ടാഞ്ചേരി, വില്ലിംഗ്ടൺ ഐലന്റ് ടെർമിനലുകളാണ് ഉദ്ഘാടനം ചെയ്തത്. 38 കോടി രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്. വാട്ടർ മെട്രോയിൽ മുഖ്യമന്ത്രിയും മന്ത്രി പി രാജീവും ഉദ്യോഗസ്ഥരും യാത്ര ചെയ്തു.

&&&&&&&&&&&&&&&&

## മുഖ്യമന്ത്രി -പോലീസ് (ഇൻട്രോ)

ക്രമസമാധാന പരിപാലനം, ശാസ്ത്രീയ കുറ്റാന്വേഷണം, സൈബർ കുറ്റകൃത്യങ്ങൾ തടയൽ എന്നിവയിൽ രാജ്യത്തിന് മാതൃകയാണ് കേരള പോലീസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃശ്ശൂരിലെ കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 31 -സി ബാച്ചിലെ 104 സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക കൃറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും സൈബർ പോലീസ് രംഗത്തും കേരളം മികച്ച നിലയിലാണെന്നും അദ്ദേഹം പറഞ്ഞു.

RIU TVPM

കുറ്റകൃത്യങ്ങൾ തടയുക മാത്രമല്ല ആപത്ഘട്ടങ്ങളിൽ ജനങ്ങളോട് സഹാനുഭൂതിയോടു കൂടി പെരുമാറാനും പോലീസ് സേനയ്ക്കാകണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

(ഹോൾഡ്-വോയ്സ്)

പരിശീലന കാലയളവിൽ വിവിധ മേഖലകളിൽ മികവു തെളിയിച്ചവർക്കുള്ള പുരസ്കാര വിതരണം മുഖ്യമന്ത്രി നിർവഹിച്ചു.

&&&&&&&&&&&&&&&&

## <u>പൾസ് പോളിയോ</u>

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം നാളെ രാജ്യമെമ്പാടും നടക്കും. സംസ്ഥാനത്ത് 5 വയസ്സുവരെയുളള എല്ലാ കുഞ്ഞുങ്ങൾക്കും പോളിയോ നൽകി യജ്ഞത്തിൽ പങ്കാളികളാകണമെന്ന് മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ ഞായറാഴ്ച രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെയും ട്രാൻസിറ്റ് ബൂത്തുകൾ വൈകിട്ട് 8 മണിവരെയും പ്രവർത്തിക്കും.

RNU/TVPM

&&&&&&&&&&&&&&&&

## <u>ജസ്റ്റിസ് ശങ്കരൻ കമ്മീഷൻ - ശബരിമല</u>

ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് ശബരിമലയിലെ വിലപിടിപ്പുള്ള വസ്തുക്കളുടെ കണക്കെടുപ്പ് ജസ്റ്റിസ് കെ ടി ശങ്കരൻ കമ്മീഷൻറെ നേതൃത്വത്തിൽ ആരംഭിച്ചു. ഇന്നും നാളെയുമായി ക്ഷേത്രത്തിലെ സ്ട്രോംഗ് റൂമുകൾ ഉൾപ്പെടെ തുറന്നു പരിശോധിക്കും. പരിശോധനയുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾക്ക് പമ്പയിൽനിന്ന് സന്നിധാനത്തേയ്ക്ക് പ്രവേശനം അനുവദിച്ചിട്ടില്ല.

&&&&&&&&&&&&&&&&

## യുവമോർച്ച - കരിങ്കൊടി

ശബരിമലയിലെ സ്വർണ്ണ മോഷണത്തിന് നേതൃത്വം കൊടുത്തു എന്നാരോപിച്ച് മുഖ്യമന്ത്രിക്ക് എതിരെ തൃശ്ശൂരിൽ യുവമോർച്ചയുടെ കരിങ്കൊടി പ്രതിഷേധം. തൃശൂർ പാലസ് റോഡിൽ കൂടി മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം കടന്നു പോയപ്പോൾ കരിങ്കൊടി കാണിക്കാൻ ശ്രമിച്ച യുവമോർച്ച പ്രവർത്തകരെ പോലിസ് അറസ്റ്റ് ചെയ്ത് നീക്കി.

&&&&&&&&&&&&&&&&

## ഷാഫി പറമ്പിൽ - പ്രതിഷേധം

കോഴിക്കോട് പേരാമ്പ്രയിൽ ഇന്നലെ പ്രതിഷേധത്തിനിടെ ഷാഫി പറമ്പിൽ എംപിക്ക് പരിക്കേറ്റ സംഭവത്തിൽ UDF ഐജി ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചു. പോലീസ് നടപടിക്കെതിരെ ഇന്ന് സംസ്ഥാന വ്യാപകമായി കോൺഗ്രസ് ബ്ലോക്ക് തലത്തിൽ പ്രതിഷേധ പ്രകടനം നടത്തുന്നുണ്ട്. LDF- UDF പ്രവർത്തകർ പേരാമ്പ്ര ടൗണിൽ നടന്ന പ്രതിഷേധ മാർച്ച് പോലീസ് തടയുന്നതിനിടെയാണ് എംപിക്ക് പരിക്കേറ്റത്. മൂക്കിന് പരുക്കേറ്റ അദ്ദേഹം നിലവിൽ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലാണ്.

RNUTVPM

&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## പാലക്കാട് - ഡാം

പാലക്കാട്, കാഞ്ഞിരപ്പുഴ ഡാമിലേക്കുള്ള നീരൊഴുക്ക് ശക്തമായതിനാൽ സ്പിൽവേ ഷട്ടറുകൾ ഇന്ന് 10 cm ആക്കി ഉയർത്തുമെന്ന് അധികൃതർ അറിയിച്ചു. പുഴയിലെ വെള്ളത്തിന്റെ അളവ് ഉയരുവാൻ സാധ്യതയുള്ളതിനാൽ തീരത്ത് താമസിക്കുന്നവർക്ക് ജാഗ്രതാ പാലിക്കണം.

&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

ഇടുക്കിയിലെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ വട്ടവടയെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ "സുന്ദര വട്ടവട" കാമ്പയിന് തുടക്കമായി. ഹരിത കേരളം മിഷന്റെയും വട്ടവട ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ക്യാമ്പയിൻ ആരംഭിച്ചിരിക്കുന്നത്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**
(വോയ്സ്)

&&&&&&&&&&&&&&&&

## പോഷക മാസാചരണം

പോഷകമാസാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ഇതോടനുബന്ധിച്ച് തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ തൃശൂർ കൊടകര ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ കേന്ദ്ര പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കും. കാമ്പയിനിന്റെ ഭാഗമായി സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തൃശ്ശൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൊടകരയിൽ പ്രശ്നോത്തരി മത്സരം സംഘടിപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&

## വികസിത് ഭാരത് യൂത്ത് പാർലമെൻറ്

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് മത്സരങ്ങളുടെ രജിസ്ട്രേഷൻ നാളെ അവസാനിക്കും. മൈഭാരത് പോർട്ടൽ വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. 18നും 25നും ഇടയിൽ പ്രായമുള്ളവർക്കാണ് അവസരം.  സംസ്ഥാന തല മത്സരത്തിൽ ആദ്യ 3 സ്ഥാനം നേടുന്നവർക്ക് പാർലമെന്റിൽ നടക്കുന്ന ദേശീയ തല മത്സരത്തിൽ പങ്കെടുക്കാനാകും.

&&&&&&&&&&&&&&&&

## ക്രിക്കറ്റ്

വെസ്റ്റ് ഇൻഡീസിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ശക്തമായ നിലയിൽ. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ, ആദ്യ ഇന്നിംഗ്സിൽ 4 വിക്കറ്റിന് 486 റൺസ് നേടിയിട്ടുണ്ട്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു ജയം.

&&&&&&&&&&&&&&&&

## ഐ സി സി വനിതാ ലോകകപ്പ്

ഐസിസി വനിതാ ലോകകപ്പിൽ ഇന്ന് ഇംഗ്ലണ്ട് ശ്രീലങ്കയെ നേരിടും. ശ്രീലങ്കയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം 3 മണിക്കാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇംഗ്ലണ്ട് ബംഗ്ലാദേശിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ത്യയുടെ അടുത്ത മത്സരം നാളെ വിശാഖപട്ടണത്ത് ഓസ്ട്രേലിയക്കെതിരെയാണ്.

RNU TVPM

&&&&&&&&&&&&&&&&

## കിസാൻ ക്രെഡിറ്റ് കാർഡ്

ഇടുക്കി ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ അവസരം. പഞ്ചായത്ത് തല മൃഗാശുപത്രികളുമായും, വെറ്ററിനറി സബ്സെന്ററുകളുമായും ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കാം. സ്വന്തമായി ഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കും കാർഡിനായി അപേക്ഷ നൽകാം.

&&&&&&&&&&&&&&&&

## ദേശാടന പക്ഷി ദിനം

ഇന്ന് ലോക ദേശാടന പക്ഷി ദിനം. ദേശാടന പക്ഷികളുടെയും അവയുടെ ആവാസവ്യവസ്ഥയുടെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുന്നത് ലക്ഷ്യമിട്ട് മെയ്, ഒക്ടോബർ മാസങ്ങളിലെ രണ്ടാം ശനിയാഴ്ചയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. " ഇടങ്ങൾ പങ്കിടാം : പക്ഷി സൗഹൃദ

നഗരങ്ങളും സമൂഹങ്ങളും സൃഷ്ടിക്കാം " എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&

## വികസിത് ഭാരത് ബിൽഡത്തോൺ

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025 ന് മറ്റന്നാൾ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മറ്റന്നാൾ രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം. വിജയികളെ ഡിസംബറിൽ പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&

## ധനകാര്യ സെമിനാർ

സംസ്ഥാനത്തിന്റെ കഴിഞ്ഞകാല പുരോഗതി വിലയിരുത്തുന്നതിനും വികസന ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുമായി സംഘടിപ്പിക്കുന്ന 'വിഷൻ 2031' സെമിനാർ തിങ്കളാഴ്ച കൊച്ചിയിൽ നടക്കും. 'ധനകാര്യ വകുപ്പ്: നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും' എന്ന വിഷയത്തിലാണ് സെമിനാർ. മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും. കഴിഞ്ഞ ഒമ്പത് വർഷക്കാലയളവിൽ ധനകാര്യ വകുപ്പും, വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളും കൈവരിച്ച നേട്ടങ്ങൾ അവതരിപ്പിക്കും.

PNU TVPM

&&&&&&&&&&&&&&&&

## മത്സ്യബന്ധനയാനങ്ങൾ

ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പി.എം.എം.എസ്.വൈ പദ്ധതിയിലേക്ക് അപേക്ഷിക്കാൻ അവസരം. വ്യക്തികൾ, ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. കേന്ദ്ര ഫിഷറീസ് മന്ത്രാലയം പ്രഖ്യാപിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള മത്സ്യബന്ധനയാനങ്ങൾക്കാണ് സബ്സിഡി ലഭിക്കുന്നത്. 1.20 കോടി രൂപയാണ് പദ്ധതിയുടെ യൂണിറ്റ് നിരക്ക്. ഇതിൽ 48

ലക്ഷം രൂപ സർക്കാർ സബ്സിഡിയും 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

&&&&&&&&&&&&&&&&

## മന്ത്രി പി.എ മുഹമ്മദ് റിയാസ്

കേരള ടൂറിസം വകുപ്പ് ചാലിയാർ പുഴയിൽ സംഘടിപ്പിക്കുന്ന മൂന്നാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ നാളെ ഉച്ചയ്ക്ക് 2.30ന് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള സിബിഎൽ മത്സരങ്ങൾ ചാലിയാർ പുഴയിൽ ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് നടക്കുക.

&&&&&&&&&&&&&&&&

## ഓപറേഷൻ ക്ലീൻ സ്വീപ്

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ "ഓപറേഷൻ ക്ലീൻ സ്വീപ്" എന്ന പേരിൽ നടത്തിയ പരിശോധനയിൽ വ്യാപകമായ ശുചിത്വ ചട്ടലംഘനങ്ങൾ കണ്ടെത്തി. തിരുവനന്തപുരം ജില്ലയിൽ മാത്രം 359 നിയമ ലംഘനങ്ങളാണ് കണ്ടെത്തിയത്. 1136.85 കിലോഗ്രാം നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തു. പരിശോധന തുടരുമെന്നും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&&